**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2747** **14-09-2023 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പമെന്റ് കോർപ്പറേഷൻ -സ്റ്റാർട്ടപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പമെന്റ് കോർപ്പറേഷൻ മുഖേന എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ; | (എ) | സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് കെ.എസ്.ഐ.ഡി.സി മുഖേന താഴെപറയുന്ന 2 പദ്ധതികളാണ് പ്രധാനമായും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്<br><br>1. **സോഫ്റ്റ് ലോൺ അസിസ്റ്റൻസ്:**<br><br>യുവ സംരംഭകർക്ക് അവരുടെ നൂതനവും വ്യാപാരയോഗ്യമായതുമായ ആശയങ്ങൾ വികസിപ്പിക്കുന്നതിനും, പ്രോട്ടോടൈപ്പ് വികസിപ്പിക്കുന്നതിനും, തദ്വാരാ ഒരു മിനിമം വയബിൾ പ്രോഡക്റ്റ് വികസിപ്പിക്കുന്നതിനും, വേണ്ടി ഇരുപത്തഞ്ചു ലക്ഷം രൂപ വരെ മൂലധന സഹായം സോഫ്റ്റ് ലോൺ ആയി നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറു ശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ചു ലക്ഷം രൂപയോ ആണ് ഈ ഇനത്തിൽ സോഫ്റ്റ് ലോൺ ആയി നൽകിവരുന്നത്. പലിശ നിരക്ക് ആർ ബി ഐ ബാങ്ക് റേറ്റ് ആയ 4.75% ആണ്<br><br>**2. സ്കെയിൽ അപ്പ് സപ്പോർട്ട്:**<br><br>മിനിമം വയബിൾ പ്രോഡക്റ്റ് വികസിപ്പിച്ച് മാർക്കറ്റിൽ ഇറക്കുന്ന സ്റ്റാർട്ടപ്പ് കമ്പനികൾക്കു അവരുടെ പദ്ധതികൾ വിപുലീകരിക്കുന്നതിനും, മാർക്കറ്റ് വികസിപ്പിക്കുന്നതിനും മാസ് പ്രൊഡക്ഷനും മറ്റുമായി കെ.എസ്.ഐ.ഡി.സി സ്കെയിൽ-അപ്പ് സപ്പോർട്ട് നൽകി വരുന്നു. സംരംഭം വിപുലീകരിക്കുന്നതിനാവശ്യമായ മൊത്തം തുകയുടെ എൺപതു ശതമാനമോ അല്ലെങ്കിൽ പരമാവധി 100 ലക്ഷം രൂപയോ ആണ് ഈ ഇനത്തിൽ വായ്പയായി നൽകി വരുന്നത്. പലിശ നിരക്ക് 7% ആണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി, 41 |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | സ്റ്റാർട്ടപ്പുകൾക്കായി 1140.83 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ